# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യംനം. 2409 | 08.05.2017 ലെ<br>മറുപടിയ്ക്ക് |

## ക്രമവിരുദ്ധമായി പ്രമോഷൻ നൽകിയ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. കെ. യു. അരുണൻ** | | **പ്രൊഫ.സി. രവീന്ദ്രനാഥ്**<br>**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മുൻ സർക്കാരിന്റെ കാലത്ത് ക്ലാർക്ക് തസ്തികയിൽ ക്രമവിരുദ്ധമായി പ്രമോഷൻ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം സമർപ്പിച്ച റിപ്പോർട്ടിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ക്രമവിരുദ്ധമായി പ്രമോഷൻ നൽകിയത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ റേഷ്യോ പ്രമോഷൻ നടത്തിയ ഉത്തരവ് റദ്ദ് ചെയ്ത് ജീവനക്കാർ അധിക മായി കൈപ്പറ്റിയ തുക തിരികെ പിടിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജീവനക്കാർക്ക് അനധികൃതമായി എത്ര തുക നൽകിയെന്നും അതിൽ എത്ര തുക തിരികെ ഈടാക്കിയെന്നും വ്യക്ത മാക്കാമോ; | (സി) | 16,44,462/- രൂപ അധികമായി ജീവനക്കാർക്ക് ലഭിച്ചു എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിൽ 38,442- രൂപ തിരികെ പിടിച്ചിട്ടുണ്ട്. |
| (ഡി) | തെറ്റായി പ്രമോഷൻ നൽകിയതിലൂടെ സർക്കാരിന് സംഭവിച്ച സാമ്പത്തിക നഷ്ടത്തിന് ഉത്തരവാദികളായ ജീവന ക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; | (ഡി) | അനധികൃതമായി പ്രമോഷൻ നടത്തി സർക്കാരിന് നഷ്ടമുണ്ടാക്കിയതിന് സീനിയർ ക്ലർക്ക് ശ്രീ. ആർ. എസ്. പ്രദീപിനെ വകുപ്പ് തല അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും വേലവിലക്ക് നൽകുകയും കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണ ലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ 13.12.2016 |

| | | | |
|---|---|---|---|
| | | | തീയതിയിലെ സ.ഉ. (സാധാ) നം. 3403/16/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം ടിയാളെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സീനിയർ സൂപ്രണ്ടിനെതിരെ അച്ചടക്ക നടപടികൾ ശുപാർശ ചെയ്തിട്ടുണ്ട്. |
| **(ഇ)** | ഈ നടപടിക്കു പിന്നിൽ നടത്തിയ അഴിമതി വിശദമായി അന്വേഷിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ; | **(ഇ)** | ഇക്കാര്യത്തിൽ അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടില്ല. |

**സെക്ഷൻ ഓഫീസർ**